**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 313** **29-01-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധ തരം പ്രവർത്തനങ്ങളാണ് ഏറ്റെടുത്തു നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്നതരം അരി FCIവഴി സംഭരിക്കുന്നതിനും ആയത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽ കൂടി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോ യുടെ ഔട്ട് ലെറ്റുകൾ വഴി 2016 മേയ് - ലെ നിരക്കിൽ നൽകിവരുന്നു. കൂടാതെ വകുപ്പിൽ നിലവിലുള്ള ജില്ല/ താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് മേൽ കമ്മിറ്റി നാല് മാസത്തിൽ ഒരിക്കൽ യോഗം കൂടി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച സ്ഥിതി വിലയിരുത്തുന്നതിനും, ജില്ല കളക്ടർമാർ, ഭക്ഷ്യ -കൃഷി, വകുപ്പ് ജില്ല തല ഉദ്യോഗസ്ഥരുമായി എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതു വിതരണ കമ്മീഷണർക്ക് സമർപ്പിക്കാനും, ഭക്ഷ്യ പൊതു വിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം ഉന്നതതല |

യോഗത്തിൽ സമർപ്പിക്കാനും നിർദേശിച്ചതനുസരിച്ച് സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ, കൃഷി വകുപ്പ് ജില്ല തല ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികളും തീരുമാനങ്ങളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ചു ചേർത്തിട്ടുണ്ട് ഇത്തരത്തിൽ വ്യാപാരി സമൂഹത്തെകൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ 2843 കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 163 കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring Cell G.O No. 19/2017-CSD dated 15/05/2017 പ്രകാരം പ്രവർത്തിച്ചു വരുന്നു. നിലവിൽ 14 ജില്ലകളും Price Monitoring cellന്റെ കേന്ദ്രങ്ങളായി കേന്ദ്രസർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്ക വകുപ്പിന്റെ സഹായത്തോടെ PMSആപ്പിൽ രേഖപ്പെടുത്തി വരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതു വഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി

| | | | |
|---|---|---|---|
| | | | GO(Rt) No. 173/2022/F&CSD dtd 18/06/2022 Centre for Price Research Kerala ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ 14 Data Entry Operator മാരേയും അനുദിനം വർദ്ധിച്ച വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി മികച്ച ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി ഒരു Research Officer നേയും, Research Assistant നേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 14 ജില്ലകളിൽ നിന്നും സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് സർക്കാരിലേയ്ക്കും, പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകപ്പിലേയ്ക്കും നൽകിവരുന്നു.<br><br>Essential Commodity Actമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ സപ്ലൈ ആഫീസർമാരും പൊതുവിപണിയിലേയ്ക്ക് ഇറങ്ങിച്ചെന്ന് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ പരിശോധന ശക്തമാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ നിരവധി സപ്ലൈകോ വില്പന ശാലകളിൽ മാസങ്ങളായി സബ്സിഡി സാധനങ്ങളിൽ ഭൂരിഭാഗവും ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സപ്ലൈകോ വിൽപ്പന ശാലകൾ വഴി വില്പന നടത്തി വരുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില 2016 ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സബ്സിഡിയിൽ വിൽക്കുന്ന പല ഉല്പന്നങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാവുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | (ബി) പിരിവിൽ കാണാവുന്നതാണ്. |
| (ഡി) | സപ്ലൈകോ വില്പനശാലകളിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) | സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും, നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023 -ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനു കീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാനും, സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിക്കാനും സമിതിയോട് ആവശ്യപ്പെട്ടിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | സപ്ലൈകോയുടെ വിപണി ഇടപെടലിനായി 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എത്ര തുക ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ? | (ഇ) | സപ്ലൈകോയുടെ വിപണി ഇടപെടലിനായി 2022-23 സാമ്പത്തിക വർഷം ബജറ്റിൽ 2408-01-102-99 (NP) Grant to KSCSC Ltd for MIO -33 Subsidies (NP) എന്ന ശീർഷകത്തിൽ 180 കോടി വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ അധിക ധനാനുമതിയായി, 2022 ഓണത്തോടനുബന്ധിച്ച് 01/08/2022 തീയതിയിലെ സ.ഉ.(സാധാ) 273/2022/FCS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 220 കോടി ഓണക്കിറ്റിനായി ചെലവഴിച്ചു. അതനുസരിച്ച് സപ്ലൈകോ ഓണക്കിറ്റ് തയ്യാറാക്കി റേഷൻ കടകളിൽ എത്തിച്ചുകൊടുക്കുന്നതിന് വേണ്ടി ടി തുക വിനിയോഗിച്ചു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ ആകെ 190.80 കോടി രൂപ ബജറ്റിൽ വകയിരുത്തിയത് മുഴുവനായി അനുവദിച്ചു നൽകിയിട്ടുണ്ട്. GO(Rt) No.354/2023/FCSD dtd 21/08/2023 പ്രകാരം 70 കോടി രൂപയും, വിപണിയിടപെടലിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2023 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക്, സൗജന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 32.27 കോടി രൂപയും, 2022 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക് പഞ്ചസാര വിതരണം ചെയ്തവകയിൽ ഉണ്ടായ നഷ്ടം നികത്തുന്നതിനായി 0.897 കോടി രൂപയും, ബജറ്റിൽ വിപണിയിടപെടലിനായി വകയിരുത്തിയ 190.80 കോടി രൂപയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 17.633 കോടി രൂപ വിപണിയിടപെടലിനായി സമർപ്പിച്ച 2023-24-ലെ ക്ലെയിം പ്രകാരം അനുവദിച്ച് സപ്ലൈകോയുടെ ട്രഷറി അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ